# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5779 — 05.07.2013 ൽ മറുപടിക്ക്

**പാരിപ്പള്ളി സിവിൽസപ്ലൈസ് മെഡിക്കൽ സ്റ്റോർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രീകരിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പാരിപ്പള്ളിയിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് തിരുവനന്തപുരം റീജിയണൽ മാനേജർ മുഖേന അന്വേഷണം നടത്തി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനുള്ള കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് നിശ്ചയിച്ചിരിക്കുന്ന വാടകയ്ക്ക് കടകൾ ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ബി) ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) പാരിപ്പള്ളിയിൽ ഇ.എസ്. ഐ. മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിനാൽ, നിലവിലുള്ള കെട്ടിടങ്ങൾക്ക് മറ്റ് പ്രദേശങ്ങളെക്കാൾ കൂടുതൽ വാടക ആവശ്യപ്പെടുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ കെട്ടിട ഉടമകളുമായി സമവായചർച്ച നടത്തി വാടകയുടെ കാര്യത്തിൽ ധാരണയാകുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ഇ.എസ്.ഐ. ഹോസ്പിറ്റൽ പരിസരത്ത് കെട്ടിടം ലഭ്യമല്ലാത്തതിനാൽ 1 കി.മീ. ദൂരെയുള്ള പാരിപ്പള്ളി ജംഗ്ഷനിലാണ് മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനായി കെട്ടിടം കണ്ടെത്തിയിട്ടുള്ളത്. ടി കെട്ടിടത്തിന് വാടക കൂടുതൽ ആവശ്യപ്പെട്ടിട്ടുള്ളതിനാൽ കെട്ടിടമുടമയുമായി സമവായ ചർച്ച നടത്തി ഉചിതമായ വാടകയിൽ കടമുറി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

Beenan

സെക്ഷൻ ഓഫീസർ